**സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**(ഹാജർ : ഷീബ ജോർജ്ജ് IAS)**

തിരുവനന്തപുരം
ഉത്തരവ് നം:SJD/1754/2020-E4 തീയതി: 27/05/2020

---

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം-ഡ്രൈവർ തസ്തികയിലെ ജീവനക്കാരുടെ റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സ.ഉ (കൈ) നം.85/2011/ഫിനാ. തിയതി 03.06.2013
2 സ.ഉ (കൈ) നം.24/2017 സാ നീ വ തിയതി:30.06.2017.
3 സ.ഉ (അച്ചടി) നം.10/2019/സാ നീ വ തിയതി: 21.10.2019.
4 സാമൂഹ്യനീതി ഡയറക്ടറുടെ 21.01.2020 ലെ Spl Cell-01/2019 നം ഉത്തരവ്.
5 സാമൂഹ്യ നീതി ഡയറക്ടറുടെ 01.02.2020 ലെ Spl Cell E9-20/2020 നം ഉത്തരവ്.
6 സാമൂഹ്യനീതി ഡയറക്ടറുടെ 04.05.2020 ലെ SJD/795/2020-E9 നം. ഉത്തരവ്..
7 സാമൂഹ്യനീതി ഡയറക്ടറുടെ 23.06.2018 ലെ E6-26895/17 നം.ഉത്തരവ്.
8 സാമൂഹ്യനീതി ഡയറക്ടറുടെ 08.08.2019 ലെ E6-8165/19 നം ഉത്തരവ്.

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ഡ്രൈവർ തസ്തികയിലെ ജീവനക്കാർക്ക് 1:1:1 എന്ന അനുപാതത്തിൽ റേഷ്യോ പ്രൊമോഷൻ അനുവദനീയമാണ്. പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും വികാസത്തിനുമായി സാമൂഹ്യ നീതി വകുപ്പ് വിഭജിച്ച് വനിത ശിശു വികസന വകുപ്പ് രൂപീകരിക്കുകയും പരാമർശം (3) പ്രകാരം ജീവനക്കാരുടെ പുനർവിന്യാസം,നിയമനം,സ്ഥാനക്കയറ്റം എന്നിവയ്ക്കായി വ്യവസ്ഥകൾ നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സാമൂഹ്യ നീതി വകുപ്പിൽ നിലനിന്നിരുന്ന 82 ഡ്രൈവർ തസ്തികകൾ 12 തസ്തികകളായി പുനർ നിർണ്ണയിക്കുകയുണ്ടായി.പ്രസ്തുത സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പരാമർശം (3) (4) പ്രകാരം വനിത ശിശു വികസന വകുപ്പിൽ പുനർവിന്യസിക്കപ്പെട്ട ജീവനക്കാരെ ഒഴിവാക്കി സാമൂഹ്യനീതി വകുപ്പിൽ പുനർ വിന്യസിക്കപ്പെട്ട ജീവനക്കാരുടെ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി .തുടർന്ന് സാമൂഹ്യനീതി വകുപ്പിലെ ഡ്രൈവർ തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ്

പരാമർശം (6) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിട്ടുണ്ട്.

ടി സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട സീനിയോറിറ്റി ക്രമ നം.(3) ശ്രീ. തിലകൻ .സി (PEN:212440), സീനിയോറിറ്റി ക്രമ നം.(4) ശ്രീ. വി. ചന്ദ്രബാബു (PEN:212096) എന്നിവർക്ക് പരാമർശം (7) (8) പ്രകാരം ഡ്രൈവർ സീനിയർ ഗ്രേഡ് പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്.പരാമർശം (6) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം.(5) ആയി ഉൾപ്പട്ടിട്ടുള്ള ശ്രീ. അജികുമാർ. ജി (PEN:638275) യ്ക്ക് പരാമർശം (7) ലെ ഉത്തരവ് പ്രകാരം ഡ്രൈവർ ഗ്രേഡ് I റേഷ്യോ പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്.

പരാമർശം (1) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലുൾപ്പെട്ട റേഷ്യോ പ്രൊമോഷന് അർഹതയുള്ള ജീവനക്കാർക്ക് അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിട്ടുള്ള തിയതി പ്രാബല്യത്തിൽ ഡ്രൈവർ സീനിയർ ഗ്രേഡ് (22200-48000)) , ഡ്രൈവർ ഗ്രഡ് I (20000-45800) തസ്തികകളിലേയ്ക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

**<u>ഡ്രൈവർ സീനിയർ ഗ്രേഡ് (22200-48000)</u>**

| ക്രമ നം | സീനിയോറിറ്റി ക്രമ നം | സീനിയോറിറ്റി ലിസ്റ്റ് ഉത്തരവ് നം & തിയതി | പേര് ,കാര്യാലയം | പ്രാബല്യ തിയതി |
|---|---|---|---|---|
| 1 | 1 | E9-SJD/795/2020 തിയതി:04.05.2020 | ശ്രീ.ജയചന്ദ്രൻ.എൻ (PEN:213316) ജില്ല സാമൂഹ്യനീതി ഓഫീസ്, കോഴിക്കോട്. | 01.02.2020 |
| 2 | 2 | E9-SJD/795/2020 തിയതി:04.05.2020 | ശ്രീ.അനിൽകുമാർ. റ്റി (PEN:494588) സാമൂഹ്യനീതി ഡയറക്ടേറ്റ്. | 01.02.2020 |

**<u>ഡ്രൈവർ ഗ്രേഡ്-1 (20000-45800)</u>**

| ക്രമ നം | സീനിയോറിറ്റി ക്രമ നം | സീനിയോറിറ്റി ലിസ്റ്റ് ഉത്തരവ് നം & തിയതി | പേര് ,കാര്യാലയം | പ്രാബല്യ തിയതി |
|---|---|---|---|---|
| 1 | 6 | E9-SJD/795/2020 തിയതി:04.05.2020 | ശ്രീ ജോഷിന്ത് വി പി (PEN:7890851) ജില്ല സാമൂഹ്യനീതി ഓഫീസ് ,വയനാട്. | 01.02.2020 |
| 2 | 7 | E9-SJD/795/2020 തിയതി:04.05.2020 | ശ്രീ ശിവദാസൻ കെ (PEN:793689) ജില്ല സാമൂഹ്യനീതി ഓഫീസ് ,പാലക്കാട്. | 01.02.2020 |

റേഷ്യോ പ്രൊമോഷൻ അനുവദിയ്ക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് അർഹതാ

വിധേയമായി മാത്രം KSR ഭാഗം I ചട്ടം 28A പ്രകാരം ശമ്പളം നിർണ്ണയിച്ച് ശമ്പള കുടിശ്ശിക മാറി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജീവനക്കാരുടെ സേവന പുസ്തകത്തിൽ കാര്യാലയ മേധാവി ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്.
2. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
3. സ്റ്റോക്ക് ഫയൽ.

**ഉത്തരവിൻ പ്രകാരം**

സൂപ്രണ്ട്